I.ഇ.ബി. XIIകേരള നിയമസഭ/IX-10

## പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ഡിസംബർ 10, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അനുശോചനം**

ഇരിക്കൂറിലുണ്ടായ വാഹനാപകടം

മി. സ്പീക്കർ: ഇക്കഴിഞ്ഞ ഡിസംബർ 4-ന് കണ്ണൂർ ജില്ലയിൽ ഇരിക്കൂറിലെ പെരുമണ്ണ് ശ്രീനാരായണ വിലാസം എൽ.പി. സ്കൂൾ വിട്ട് വീട്ടിലേയ്ക്ക് മടങ്ങുകയായിരുന്ന കുട്ടികൾക്കിടയിലേയ്ക്ക് വാൻ പാഞ്ഞുകയറി 9 കുഞ്ഞുങ്ങൾ ദാരുണമായി മരണപ്പെടുകയും 12 പേർക്ക് സാരമായി പരിക്കേൽക്കുകയുമുണ്ടായി. ഈ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട കുഞ്ഞുങ്ങളുടെ വേർപാടിൽ സഭ ദു:ഖവും അനുശോചനവും രേഖപ്പെടുത്തുന്നു; കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടെയും ദു:ഖത്തിൽ ഈ സഭയും പങ്കു ചേരുന്നു. മരണമടഞ്ഞ കുട്ടികളോടുള്ള ആദര സൂചകമായി അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കാം.

(മരണമടഞ്ഞ കുഞ്ഞുങ്ങളോടുള്ള ആദര സൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

**അടിയന്തിരപ്രമേയം**

പരസ്യപ്രസ്താവന

മി.സ്പീക്കർ: മുഖ്യമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ശ്രീ. കെ. സുരേഷ് കുമാർ, ഐ.എ.എസ്. 2008 ഡിസംബർ 7-ന് നടത്തിയ പത്രസമ്മേളനത്തിൽ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ഇടപെടൽമൂലം മൂന്നാർ കയ്യേറ്റം ഒഴിപ്പിക്കൽ ദൗത്യം, സ്മാർട്ട് സിറ്റി പദ്ധതി, കിളിരൂർ കേസ്സന്വേഷണം തുടങ്ങി പല കാര്യങ്ങളിലും മന്ത്രിസഭാ തീരുമാനങ്ങൾ അട്ടിമറിക്കപ്പെട്ടതായും മുഖ്യമന്ത്രിയുടെ ആഫീസിന് ഭരണ നിയന്ത്രണം നഷ്ടപ്പെട്ടതായുമുള്ള വെളിപ്പെടുത്തൽമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കെ.എം. മാണി, കെ.സി. ജോസഫ്, പി.കെ. അബ്ദുറബ്ബ്, കെ.ബി. ഗണേഷ്കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : മുഖ്യമന്ത്രിയുടെ ആഫീസിനെയും പ്രവർത്തനങ്ങളെയും സംബന്ധിച്ച് ശ്രീ. കെ. സുരേഷ് കുമാർ ഐ.എ.എസ്. നടത്തിയ പരസ്യ പ്രസ്താവന തികച്ചും അടിസ്ഥാന രഹിതവും വസ്തുതകൾക്ക് വിരുദ്ധവുമാണ്. ഇതുസംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ദേഹത്തോട് വിശദീകരണം ചോദിച്ചിട്ടുണ്ട്. വിശദീകരണം ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഇതുമായി

ബന്ധപ്പെട്ട് ഭരണഘടന പ്രതിസന്ധിയോ ഗുരുതരമായ സ്ഥിതിവിശേഷമോ ഒന്നും സംജാതമായിട്ടില്ല. അതുകൊണ്ട് ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. കെ.എം. മാണി: മുഖ്യമന്ത്രിയുടെ ആഫീസിലെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ശ്രീ. കെ. സുരേഷ് കുമാർ ഐ. എ. എസ്. 7.12.08-ൽ കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ഇടപെടൽമൂലം മന്ത്രിസഭാ തീരുമാന ങ്ങൾവരെ അട്ടിമറിക്കപ്പെടുന്നുവെന്നും കിളിരൂർ കേസ് അന്വേഷണത്തിന് ഐ.ജി. റാങ്കിലുള്ള ഒരുദ്യോഗസ്ഥനെ ചുമതലപ്പെടുത്തണമെന്ന നിർദ്ദേശം അടങ്ങുന്ന ഫയൽപൂഴ്ത്തി വച്ചുവെന്നും അദ്ദേഹത്തിന്റെ മേശപ്പുറത്തുള്ള ഫയലുകൾ ചിതൽ അരിച്ചിട്ടുള്ളതായി കണ്ടുവെന്നും സംസ്ഥാനത്തെ ബാധിക്കുന്ന കാതലായ പ്രശ്നങ്ങളിൽ ഭരണപരമായ നിയന്ത്രണം മുഖ്യ മന്ത്രിക്ക് നഷ്ടപ്പെട്ടതുകൊണ്ട് സംസ്ഥാനത്തിന്റെ ഭരണത്തെത്തന്നെ ബാധിച്ചിരിക്കുന്നുവെന്നും പറയുകയുണ്ടായി. ഇതുസംബന്ധിച്ച് മുഖ്യമന്ത്രി ഇതേവരെ പ്രതികരിച്ചിട്ടില്ല. എന്നാൽ അത് അടിസ്ഥാനരഹിതമാണെന്ന് മുഖ്യമന്ത്രി ഇന്ന് സഭയിൽ പറഞ്ഞു. മുഖ്യമന്ത്രിയുടെ ആഫീസിലെ ദുരവസ്ഥ ഭരണഘടന പ്രതിസന്ധിയുണ്ടാക്കിയിരിക്കുന്നു. സംസ്ഥാന മന്ത്രി മാരുടെ ആഫീസുകളിൽ ഏറ്റവും മോശമായി പ്രവർത്തിക്കുന്നത് മുഖ്യമന്ത്രിയുടെ ആഫീസാണെന്നും അവിടെ തികഞ്ഞ അരാജകത്വമാണ് നടമാടുന്നതെന്നും മുഖ്യമന്ത്രിയുടെ ആഫീസ് ഉപജാപക സംഘത്തിന്റെ നിർദ്ദേശമനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്നുമുള്ള ശ്രീ. കെ. സുരേഷ് കുമാറിന്റെ വെളിപ്പെടുത്തലുകളെ ഇതുവരെ മുഖ്യമന്ത്രി നിഷേധിച്ചിട്ടില്ല.

ശ്രീ. കെ. സുരേഷ്കുമാറിന്റെ പരസ്യ പ്രസ്താവന അഖിലേന്ത്യാ സർവ്വീസ് ചട്ടങ്ങളുടെ നഗ്നമായ ലംഘനമാണെന്ന് കാണിച്ച് ചീഫ് സെക്രട്ടറി ശ്രീ.കെ. സുരേഷ് കുമാറിനോട് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടിരിക്കുന്നതു കൊണ്ടുമാത്രം ഈ പ്രശ്നം ലഘൂകരിക്കപ്പെടുന്നില്ല. ഗുരുതരമായ ഈ പ്രശ്നം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): അടിയന്തിര പ്രമേയ വിഷയത്തെ സംബന്ധിച്ച് വളരെ വിശദമായി ഇവിടെ പറഞ്ഞുകഴിഞ്ഞു. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ് ഭരണഘടന അട്ടിമറി നടന്നിട്ടുള്ളത്. അതിനെക്കുറിച്ചൊന്നും ചർച്ച ചെയ്യപ്പെടാതിരിക്കുന്നതിനാണ് പ്രതിപക്ഷം ഈ അടിയന്തിര പ്രമേയവുമായി വന്നിരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) സുനാമി പുനരധിവാസ പ്രവർത്തനങ്ങൾ

ശ്രീ. പി. തിലോത്തമൻ: 1441.75 കോടി രൂപ ചെലവഴിച്ച് സംസ്ഥാനത്ത് നടപ്പാക്കിവരുന്ന സുനാമി പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും സമയബന്ധിതമായി പൂർത്തിയാക്കാനും അടിയന്തിര നടപടി

സ്വീകരിക്കണം. 2009 മാർച്ച് 31-നുള്ളിൽ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചില്ലെങ്കിൽ പദ്ധതിപ്പണം ലാപ്സാകുമെന്നുള്ള ചില പത്രവാർത്തകൾ ജനങ്ങളുടെയിടയിൽ ആശങ്ക പരത്തിയിട്ടുണ്ട്. ഗവൺമെന്റ് അതുസംബന്ധിച്ച വസ്തുത വ്യക്തമാക്കണം. ഈ പദ്ധതിയിൽപ്പെടുത്തി 11,000 വീടുകൾ നിർമ്മിച്ചു നൽകുന്നതിനായി 325 കോടി രൂപയാണ് ഗവൺമെന്റ് നീക്കിവച്ചിട്ടുള്ളത്. ഒരു വീടിന് നാല് ലക്ഷത്തോളം രൂപ ചെലവുവരുമെന്നിരിക്കെ ഈ തുകകൊണ്ട് 11,000 വീടുകൾ എങ്ങനെ നിർമ്മിക്കാൻ കഴിയുമെന്നുള്ളത് ഗൗരവപൂർവ്വം പരിശോധിക്കണം. വീട് വയ്ക്കുന്നതിന് ലാന്റ് അക്വിസിഷൻ ഉൾപ്പെടെ നടപടികൾ പൂർത്തിയായി പണംവരെ അലോട്ട് ചെയ്തതിനുശേഷം ഭൂമി എടുക്കേണ്ടതില്ല എന്ന ആലപ്പുഴ ജില്ലാ കളക്ടറുടെ ഉത്തരവ് ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് ഹാനികരമാകുമെന്ന ആശങ്ക നിലനില്ക്കുകയാണ്. സുനാമി ബാധിത പ്രദേശങ്ങളിലെ 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ്വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നനുവദിച്ച പണം ഉപയോഗിച്ചുള്ള സ്കോളർഷിപ്പ് വിതരണത്തിൽ അർഹതയുള്ള വിദ്യാർത്ഥികളെ ഒഴിവാക്കിയെന്നുള്ള പരാതി പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. അന്ധകാരനഴി ഉൾപ്പെടെ കൊല്ലം, ആലപ്പുഴ ജില്ലകളിലെ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സുനാമി പുനരധിവാസത്തിനായി 1441.75 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് വിവിധ വകുപ്പുകളിലൂടെ ഇപ്പോൾ നടപ്പാക്കിവരുന്നത്. ഈ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷം 109 കോടി രൂപയുടെ രാജീവ്ഗാന്ധി പാക്കേജ് അടക്കം 1196.29 കോടി രൂപ സുനാമി പുനരധിവാസ പ്രവർത്തന ങ്ങൾക്കായി പ്രത്യേകമായി ലഭിക്കുകയുണ്ടായി. പൂർണ്ണമായും കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റ് ലഭ്യമാക്കിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. സംസ്ഥാനത്തെ 9 ജില്ലകളിലെ തീരദേശ ജനങ്ങളുടെ ഉപജീവന മാർഗ്ഗങ്ങൾ, പുനരധിവാസം തുടങ്ങി സമഗ്ര വികസനമാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. സുനാമി പുനരധിവാസ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് തീരദേശ ജില്ലകളിലെ നിയമസഭാ സാമാജികരും മറ്റ് ജനപ്രതി നിധികളുമായി നിരവധി തവണ സമഗ്രമായ ചർച്ചകൾ നടത്തുകയും നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദമായ പദ്ധതി രേഖകൾക്ക് രൂപം നൽകുകയുമുണ്ടായി. മുഖ്യമന്ത്രി ചെയർമാനും റവന്യു വകുപ്പുമന്ത്രി വൈസ്ചെയർമാനും ബന്ധപ്പെട്ട മന്ത്രിമാരും സെക്രട്ടറിമാരും അംഗങ്ങളുമാ യിട്ടുള്ള സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി പ്രസ്തുത പ്രവർത്തനങ്ങളുടെ മേൽനോട്ടവും ചീഫ് സെക്രട്ടറി ചെയർമാൻ ആയിട്ടുള്ള സംസ്ഥാനതല എംപവേർഡ് കമ്മിറ്റി പ്രവർത്തന നടത്തിപ്പിന്റെ ചുമതലയും വഹിക്കുന്നു. സെക്രട്ടേറിയേറ്റിൽ പ്രവർത്തിക്കുന്ന സുനാമി റീഹാബിലിറ്റേഷൻ സെല്ലാണ് സംസ്ഥാനതല കമ്മിറ്റി അംഗങ്ങൾ നയിക്കുന്ന പ്രവർത്തനങ്ങൾക്ക് ഭരണാനു മതി നൽകുന്നത്. റവന്യു വകുപ്പുമന്ത്രി കൺവീനറായ മന്ത്രിസഭാ ഉപ സമിതി എല്ലാ ആഴ്ചയും യോഗം ചേർന്ന് പ്രവർത്തനങ്ങൾ റിവ്യു ചെയ്യുന്നു. ജില്ലാതലത്തിൽ മന്ത്രിമാർ പങ്കെടുത്ത് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പോരായ്മകൾ അതാത് സമയത്ത് പരിഹരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. സുനാമി ദുരന്തത്തിൽ മരണപ്പെട്ടവരുടെ വിധവകൾക്കുള്ള

പ്രതിമാസ പെൻഷൻ പദ്ധതി, പെൺമക്കളുടെ വിവാഹ ധനസഹായം, കുടുംബശ്രീ യൂണിറ്റുകളുടെ ധനസഹായം തുടങ്ങിയ പദ്ധതികൾ സാമ്പത്തിക ബാദ്ധ്യത കണക്കിലെടുക്കാതെ നടപ്പിലാക്കി. സുനാമി ദുരന്തത്തിൽ രക്ഷിതാക്കൾ മരണപ്പെട്ട കുട്ടികൾക്ക് 51,000 രൂപ സ്ഥിരം നിക്ഷേപമായി നൽകാനും ഒരു കുടുംബത്തിലെ ഒരു കുട്ടിക്ക് പ്രതിമാസം 300 രൂപ സ്കോളർഷിപ്പ് നൽകാനും പ്രത്യേക ടൂഷൻ ക്ലാസുകൾ ഏർപ്പെടുത്താനും നടപടികൾ സ്വീകരിച്ചു. സുനാമി അടിയന്തിര സഹായ പദ്ധതിയുടെ പൂർത്തീകരണത്തിന് ഒരു വർഷം കൂടി കേന്ദ്ര ഗവൺമെന്റ് സമയം നൽകിയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള സമയത്തിനുള്ളിൽ എല്ലാ നിർമ്മാണ പദ്ധതികളും പൂർത്തീകരിക്കാൻ കഴിയും. കൂടുതൽ വിദ്യാർത്ഥികൾക്ക് ഈ വർഷം സ്കോളർഷിപ്പ് ലഭ്യമാക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്.

(2) <u>ചെങ്ങറ ഭൂസമരം</u>

<u>ശ്രീ. അടൂർ പ്രകാശ്</u>: സാധുജന വിമോചന സംയുക്ത സമരസമിതി യുടെ നേതൃത്വത്തിൽ നടന്ന ചെങ്ങറ ഭൂസമരം ഒത്തുതീർപ്പാക്കുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാകാതെ വന്നപ്പോൾ ഒരു വർഷത്തിനു ശേഷം ചെങ്ങറയിലുള്ള ഹാരിസൺ മലയാളം പ്ലാന്റേഷൻ ഭൂമിയിൽ സമര സമിതിയുടെ നേതൃത്വത്തിൽ കുടിൽകെട്ടി സമരം ആരംഭിച്ചു. അതുമൂലം നൂറ്റിയെഴുപതോളം തൊഴിലാളികൾക്ക് തൊഴിലില്ലാതായി. സമരം ഒത്തുതീർപ്പാക്കുന്നതിനുവേണ്ടി പ്രതിപക്ഷ നേതാവ് ചില നിർദ്ദേശങ്ങൾ സമർപ്പിച്ചെങ്കിലും തൊഴിലാളികൾക്ക് വീണ്ടും തൊഴിൽ ലഭ്യമാക്കുന്നതിന് യാതൊരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചില്ല. 16 മാസക്കാലമായി നടത്തി

ക്കൊണ്ടിരിക്കുന്ന ഈ ഭൂസമരം അവസാനിപ്പിക്കുന്നതിനും തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി താലൂക്കിൽ മലയാലപ്പുഴ വില്ലേജിൽ ഹാരിസൺ മലയാളം പ്ലാന്റേഷന്റെ അധീനതയിലുള്ള ചെങ്ങറ എസ്റ്റേറ്റ് സാധുജന വിമോചന സംയുക്ത സമരസമിതി എന്ന പേരിൽ ഒരു കൂട്ടം ആളുകൾ 2007 ആഗസ്റ്റ് 4 മുതൽ അനധികൃതമായി കയ്യേറുകയും ഈ കയ്യേറ്റത്തിനെതിരെ തൊഴിലാളി സംഘടനകൾ സർക്കാരിന് പരാതി നൽകുകയും ചെയ്തു. ഇതു മൂലം 411 തൊഴിൽ ദിനങ്ങളും മൊത്തം ഒരു കോടി പന്ത്രണ്ട് ലക്ഷത്തി ലധികം രൂപയുടെ നഷ്ടവും സംഭവിച്ചതായി തൊഴിലാളി സംഘടനകൾ സർക്കാരിന് നൽകിയ കത്തിൽ പറഞ്ഞിട്ടുണ്ട്. തോട്ടത്തിൽനിന്ന് കയ്യേറ്റ ക്കാരെ ഒഴിപ്പിക്കാനും തൊഴിലാളികൾക്ക് തൊഴിൽ വീണ്ടെടുത്ത് നൽകാനും സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം അവിടെ കയ്യേറിയി ട്ടുള്ള ഭൂരഹിതരും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുമായിട്ടുള്ള ആളു കൾക്ക് ഭൂമി നൽകുന്നതടക്കമുള്ള കാര്യങ്ങളിൽ സർക്കാർ നടപടി സ്വീകരി ച്ചുവരികയാണ്. രണ്ടുപ്രാവശ്യം ഗവൺമെന്റ് അവരുടെ പ്രതിനിധികളുമായി ചർച്ച നടത്തിയെങ്കിലും അവർ നിർബന്ധപൂർവ്വമായിട്ടുള്ള നിലപാട് സ്വീകരി ച്ചിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള ഓർഡറിൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാകാത്ത തരത്തിൽ അവരെ ഒഴിപ്പിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. ബന്ധപ്പെട്ട മന്ത്രിമാരുമായി ചർച്ച നടത്തി കഴിയുന്നത്ര വേഗം ഭൂരഹിതർക്ക് ഭൂമി കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിനും

വനാവകാശ നിയമം കഴിയുന്നത്ര വേഗം നടപ്പിലാക്കുന്നതിനും ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

**സബ്മിഷൻ**

(1) ബസ്സ് ചാർജ് ഉൾപ്പെടെ കുറയ്ക്കേണ്ടതിന്റെ ആവശ്യകത

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി) : കേന്ദ്ര ഗവൺമെന്റ് പെട്രോളിന്റേയും ഡീസലിന്റേയും വില കുറച്ച സാഹചര്യത്തിൽ വർദ്ധിപ്പിച്ച യാത്രാ ചാർജ്ജുകളും വൈദ്യുതിചാർജ്ജും പിൻവലിക്കണം. അതിന് ആനുപാതികമായി നിത്യോപയോഗ സാധനങ്ങളുടെ വിലയും കുറയ്ക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : 11-7-2008-ൽ മിതമായ തോതിലാണ് ബസ് ചാർജ്ജ് വർദ്ധിപ്പിച്ചത്. ഇപ്പോൾ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വരുത്തിയിട്ടുള്ള വിലക്കുറവ് നാമമാത്രമാണ്. അന്താരാഷ്ട്ര വിപണിയിലെ വിലയിടിവിന് ആനുപാതികമായി പെട്രോൾ, ഡീസൽ വില ഗണ്യമായി കുറയ്ക്കാൻ കേന്ദ്രസർക്കാർ തയ്യാറായാൽ ബസ്സ് ചാർജ്ജ് വർദ്ധന ഉൾപ്പെടെ കുറയ്ക്കുന്ന കാര്യം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ആവശ്യമായ തീരുമാനമെടുക്കാൻ സന്നദ്ധമാണ്.

(2) കെ.പി.. ഇബ്രാഹിമിന് ചികിത്സാ സഹായം

ശ്രീ. കെ. കുഞ്ഞിരാമൻ: മുംബൈയിലുണ്ടായ ഭീകരാക്രമണത്തിൽ വെടിയേറ്റ തൃക്കരിപ്പൂർ പടന്ന സ്വദേശി കെ. പി. ഇബ്രാഹിമിന്റെ തുടർചികിത്സയ്ക്കും കുടുംബത്തിനും ആവശ്യമായ സാമ്പത്തിക സഹായം നൽകണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ് അച്ചുതാനന്ദൻ): 26-11-2008-ൽ മുംബൈയിലുണ്ടായ ഭീകരാക്രമണത്തിൽ വെടിയേറ്റ് ചികിത്സയിൽ

കഴിയുന്ന  കെ. പി. ഇബ്രാഹിമിന്റെ ചികിത്സ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് സർക്കാർ കഴിയുന്നത്ര സഹായം ചെയ്യുന്നതാണ്.

(3) ട്രാഫിക് നിയമങ്ങൾ കർശനമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. സി. ജോസഫ്: ഇരിക്കൂർ നിയോജകമണ്ഡലത്തിലുണ്ടായ അതിദാരുണമായ അപകടത്തിൽ 9 കുട്ടികൾ മരിക്കുകയും 8 കുട്ടികൾ പരിയാരം മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുകയുമാണ്. ഇവരുടെ കുടുംബത്തിന് സർക്കാർ സാമ്പത്തിക സഹായം പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഈ സംഭവം ഉണ്ടായതിനുശേഷം വളരെ അപകടകരമായ രീതിയിൽ വർഗ്ഗീയ കലാപമുണ്ടാക്കുന്നതിനും ജനങ്ങളുടെയിടയിൽ സംശയം ഉണ്ടാക്കുന്നതിനും ഒരു വിഭാഗം ആളുകൾ അവിടെ നടത്തുന്ന ശ്രമങ്ങളെ ഗൗരവമായി കാണുകയും ഇതുസംബന്ധിച്ച അന്വേഷണം എത്രയുംവേഗം പൂർത്തിയാക്കുകയും വേണം. ട്രാഫിക് നിയമങ്ങൾ എല്ലാവർക്കും ഒരുപോലെ ബാധകമാക്കണം. ഓട്ടോറിക്ഷയിൽ സ്കൂൾ കുട്ടികളെ കുത്തിനിറച്ച് കൊണ്ടുപോകുന്നതും വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതും തടയണം. സ്കൂൾ പരിസരങ്ങളിൽ peak hours-ൽ സ്പീഡ് ഗവർണ്ണർ സ്ഥാപിച്ച് വാഹനങ്ങളുടെ സ്പീഡ് നിയന്ത്രിക്കണം.

ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ഇരിക്കൂർ നിയോജകമണ്ഡലത്തിലുണ്ടായ അതിദാരുണമായ അപകടത്തിന് കാരണം വാഹനത്തിന്റെ അമിതവേഗത യാണെന്നാണ് പ്രാഥമിക നിഗമനം. വാഹനം പരിശോധിച്ചതിൽ മെക്കാനിക്കൽ തകരാറുകളൊന്നും കണ്ടെത്തിയിട്ടില്ല. ഡ്രൈവർക്ക് മോട്ടോർ

സൈക്കിളും ഓട്ടോറിക്ഷയും ഓടിക്കുന്നതിനുള്ള ലൈസൻസ് മാത്രമേയുള്ളൂ. ഇയാളുടെ ലൈസൻസ് താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. നിയമപ്രകാരമുള്ള പരിശോധനയ്ക്കുശേഷം നടപടിക്രമങ്ങൾ പൂർത്തിയാക്കി ലൈസൻസ് സ്ഥിരമായി റദ്ദ് ചെയ്യാനുള്ള നടപടി സ്വീകരിക്കും. അപകടത്തിൽ മരണമടഞ്ഞ ഓരോ കുട്ടിയുടെ കുടുംബത്തിനും അഞ്ചുലക്ഷം രൂപ വീതവും ചികിത്സയിലിരിക്കുന്ന കുട്ടികളുടെ കുടുംബങ്ങൾക്ക് 50,000 രൂപ വീതവും ചികിത്സാ ചെലവും പ്രഖ്യാപിച്ചിട്ടുണ്ട്. വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ട്രാഫിക് നിയമങ്ങളെക്കുറിച്ച് പൊതുജനങ്ങളിലും ഡ്രൈവർമാരിലും അവബോധം സൃഷ്ടിക്കുന്നതിന് നിരവധി ബോധവൽക്കരണ ക്ലാസ്സുകൾ വകുപ്പുതലത്തിലും സന്നദ്ധ സംഘടനാതലത്തിലും നടത്തിവരുന്നുണ്ട്. വാഹന പരിശോധനകൾ കർക്കശമാക്കുവാനും സൈൻബോർഡുകൾ സ്ഥാപിക്കുവാനും സ്പീഡ് ട്രേസർ, ഇന്റർസെപ്റ്റർ തുടങ്ങിയവ ഉപയോഗിച്ച് വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ യാത്രാ സുരക്ഷയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ആഭ്യന്തര വകുപ്പുമന്ത്രി 11.12.2008-ന് വിളിച്ചുചേർക്കുന്ന യോഗത്തിൽ ഉചിതമായ നടപടികളും തീരുമാനങ്ങളും എടുക്കുന്നതാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): അപകടകരമായ ചില പ്രചരണങ്ങൾ അവിടെ നടക്കുന്നതായി റിപ്പോർട്ട് ലഭിച്ചതിനെത്തുടർന്ന് ഇന്നലെത്തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുക്കുകയും ആവശ്യമായ നടപടികൾ സ്വീകരിച്ചുതുടങ്ങുകയും ചെയ്തിട്ടുണ്ട്. അവിടെയുള്ള എല്ലാ രാഷ്ട്രീയ

പാർട്ടികളും ഇക്കാര്യം ഗൗരവമായെടുത്തിട്ടുണ്ട്. ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഗവൺമെന്റിന്റെ നടപടികളുമായി ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാവരും സഹകരിക്കണം.

(4) അഗസ്റ്റിന്റെ ദുരൂഹ മരണം

ശ്രീ. വി. എൻ. വാസവൻ: കോട്ടയം പയസ് ടെൻത് കോൺവെന്റിലെ സിസ്റ്റർ അഭയ കൊലചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട് അന്വേഷണ ചുമതലയുണ്ടായിരുന്ന കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിലെ എ.എസ്.ഐ. അഗസ്റ്റിൻ സിബി.ഐ-യുടെ ചോദ്യം ചെയ്യലിനെത്തുടർന്ന് 25-11-2008-ന് വീടിന് സമീപത്തുള്ള പറമ്പിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. ഈ മരണത്തിൽ ദുരൂഹതയുണ്ടെന്നുള്ള ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): വി.വി. അഗസ്റ്റിൻ ഇത്തിത്താനത്തുള്ള വീടിനുസമീപം ആൾപാർപ്പില്ലാത്ത പുരയിടത്തിൽ മരിച്ചു കിടക്കുന്നതായി 25.11.2008-ന് പകൽ 3.30 മണിയോടെ കാണപ്പെട്ടു. അദ്ദേഹത്തിന്റെ മകന്റെ മൊഴി പ്രകാരം ചിങ്ങവനം പോലീസ് സ്റ്റേഷനിൽ അന്നുതന്നെ കേസ് രജിസ്റ്റർ ചെയ്യുകയും പഞ്ചായത്തുകാരുടെ സാന്നിദ്ധ്യത്തിൽ പ്രേതവിചാരണ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. രാസ പരിശോധനാ റിപ്പോർട്ടിന്റെ ഫലം വന്നാൽ മാത്രമേ മരണകാരണം വ്യക്തമാവുകയുള്ളൂ. പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറിൽനിന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അഗസ്റ്റിന്റെ മൃതദേഹ ത്തിൽനിന്നും ആത്മഹത്യാ കുറിപ്പും കീടനാശിനിയുടെ അവശിഷ്ടവും ലഭിച്ചിട്ടുണ്ട്. അഭയ കേസ്സുമായി ബന്ധപ്പെട്ട് കോട്ടയം പി.ഡബ്ല്യു.ഡി റെസ്റ്റ്

ഹൗസിൽ സി.ബി.ഐ. ചോദ്യം ചെയ്തതായും മരണത്തിന് സി.ബി.ഐ. ആണ് ഉത്തരവാദിയെന്നും ആത്മഹത്യ കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഡയറിയും ആത്മഹത്യാകുറിപ്പും അഗസ്റ്റിൻ തന്നെയാണോ എഴുതിയതെന്നത് സംബന്ധിച്ച് ഫോറൻസിക് ലബോറട്ടറി വിശദമായ പരിശോധന നടത്തി വരികയാണ്. കേസന്വേഷണം ചങ്ങനാശ്ശേരി സി.ഐ. യുടെ നേതൃത്വത്തിൽ ഊർജ്ജിതമായി നടന്നുവരുന്നുണ്ട്. അഗസ്റ്റിന്റെ മരണത്തിൽ ദുരൂഹതയുള്ള തായി ജോമോൻ പുത്തൻപുരയ്ക്കൽ ഡി.ജി.പി-ക്ക് നൽകിയ പരാതിയെക്കു റിച്ച് അന്വേഷിക്കാൻ എറണാകുളം റേഞ്ച് ഐ.ജി.-ക്ക് നിർദ്ദേശം നൽകി യിട്ടുണ്ട്.

(5) <u>വീടുകൾക്കുള്ള ആഡംബര നികുതി</u>

<u>ശ്രീ. സി. ടി. അഹമ്മദ് അലി:</u> 01.04.1999-നുശേഷം നിർമ്മിച്ച 278.7 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് പ്രതിവർഷം 2000 രൂപ ആഡംബര നികുതി ചുമത്തിയതിൽ ധാരാളം അപാകതകളുണ്ട്. തറ വിസ്തീർണ്ണത്തിന്റെ പരിധി വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരി ക്കണം. ചോർച്ച തടയുന്നതനിനും മറ്റുമായി വീടിന്റെ ഒന്നാം നിലയിൽ ടിൻ ഷീറ്റോ ആസ്ബെസ്റ്റോസ് ഷീറ്റോ പതിക്കുന്ന ഭാഗം കൂടി കണക്കാക്കി ആഡംബര നികുതി ചുമത്തുന്നത് ഒഴിവാക്കണം. നികുതിദായകന്റെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് നികുതി പുന:പരിശോധന നടത്താനും 1999-ന് മുമ്പ് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങളെ ആഡംബര നികു തിയിൽനിന്ന് ഒഴിവാക്കാനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): 1975-ലെ കേരള കെട്ടിട നികുതി നിയമപ്രകാരം 3000 ചതുരശ്ര അടിക്ക് മുകളിൽ വിസ്തീർണ്ണമുള്ളതും താമസത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾ 01.04.1999-നോ അതിനുശേഷമോ പൂർത്തിയാക്കിയിട്ടുള്ളതാണെങ്കിൽ പ്രതിവർഷം 2000 രൂപ നിരക്കിൽ ആഡംബര നികുതി ഈടാക്കുന്നതാണ്. കെട്ടിട ഉടമയുടെ അതാതുകാലത്തെ സാമ്പത്തിക നില നോക്കി ആഡംബര നികുതി പുനർനിർണ്ണയിക്കാനാവില്ല. കോൺക്രീറ്റ് കെട്ടിടങ്ങളിൽ ചോർച്ച തടയുന്നതിനും ചൂടിന്റെ കാഠിന്യം കുറയ്ക്കുന്നതിനുമായി ടിൻ, ആസ്ബസ്റ്റോസ് ഷീറ്റുകൾ ഉപയോഗിച്ച് പ്രത്യേകമായി മേൽക്കൂരകൾ നിർമ്മിച്ച കെട്ടിടഭാഗങ്ങളെ കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കാൻ വ്യവസ്ഥയില്ല. ആഡംബരപൂർണ്ണമായ വാസഗൃഹനിർമ്മാണം നിരുൽസാഹപ്പെടുത്തുക എന്ന ഉദ്ദേശമാണ് ആഡംബര നികുതികൊണ്ട് ലക്ഷ്യമിടുന്നത്.

(6) ശശിയുടെ കൊലപാതകം

ശ്രീ.വർക്കല കഹാർ: തിരുവനന്തപുരം ജില്ലയിൽ നാവായിക്കുളം പഞ്ചായത്തിൽ പടിപ്പുര വീട്ടിൽ ശശിയുടെ കൊലപാതകം സംബന്ധിച്ച് ഊർജ്ജിതവും കാര്യക്ഷമവുമായ അന്വേഷണം നടത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ശശിയുടെ കൊലപാതകം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് പള്ളിക്കൽ എസ്.ഐ.യുടെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നു. കേസന്വേഷണം ഊർജ്ജിതമാക്കുന്നതിന് തിരുവനന്തപുരം റൂറൽ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകുന്നതാണ്.

(7) <u>വനംവകുപ്പ് പിടിച്ചെടുത്ത ഭൂമി</u>

<u>ശ്രീ. പി.കൃഷ്ണപ്രസാദ്:</u> വയനാട് ജില്ലയിൽ ജോർജ്, ജോസ് എന്നീ കർഷകരിൽ നിന്നും വനംവകുപ്പധികൃതർ അന്യായമായി പിടിച്ചെടുത്ത സ്വകാര്യ ഭൂമി തിരിച്ചുകൊടുക്കാൻ നടപടി സ്വീകരിക്കണം.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ.ബിനോയ് വിശ്വം):</u> ലഭ്യമായ രേഖകൾ പ്രകാരം പ്രസ്തുത ഭൂമി ഇപ്പോഴും വെസ്റ്റഡ് ഫോറസ്റ്റ് ലാന്റാണ്. നിയമപരമായ എല്ലാ വശങ്ങളും പരിശോധിച്ച് ഭൂമി കർഷകർക്ക് വിട്ടു കൊടുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(8) <u>നെല്ലിക്കുർശി സ്കൂളിന് സ്വതന്ത്ര പദവി</u>

<u>ശ്രീ. എം.ഹംസ:</u> 14 അദ്ധ്യാപകരുള്ള ഒറ്റപ്പാലം ലെക്കിടിയിലെ നെല്ലിക്കുർശി സ്കൂളിൽ ഹെഡ്മാസ്റ്ററെ നിയമിക്കാനും സ്കൂളിന് സ്വതന്ത്ര പദവി അനുവദിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി):</u> ഒറ്റപ്പാലം ലെക്കിടിയിലെ നെല്ലിക്കുർശി സ്കൂളിന് സ്വതന്ത്ര പദവി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

(9) <u>അഫിലിയേറ്റഡ് കോളേജുകൾക്കെതിരെയുള്ള ഉപരോധം</u>

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> തൃശ്ശൂർ സൗഹൃദ എൻജിനീയറിംഗ് കോളേജിനും ചെറുതുരുത്തി ജ്യോതി എൻജിനീയറിംഗ് കോളേജിനും എതിരെയുള്ള കാലിക്കട്ട് സർവ്വകലാശാലയുടെ ഉപരോധം പിൻവലിക്കാനും അവിടെ പഠിക്കുന്ന കുട്ടികൾക്ക് പരീക്ഷ എഴുതാനും ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി ശ്രീ. എം.എ. ബേബി): തൃശ്ശൂർ സൗഹൃദ എൻജിനീയറിംഗ് കോളേജും ചെറുതുരുത്തി ജ്യോതി എൻജിനീയറിംഗ് കോളേജും സർവ്വകലാശാലാ നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നില്ലെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ഇത് കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണ്. കുട്ടികളുടെ ഭാവി സംരക്ഷിക്കുന്ന കാര്യത്തിൽ അനുഭാവപൂർവ്വമായ സമീപനം സ്വീകരി ക്കാനാണ് ഉദ്ദേശിക്കുന്നത്.

(10) റവന്യൂ സബ് ഡിവിഷൻ

ശ്രീ. രാജു എബ്രഹാം: ശബരിമലയും ഇടത്താവളങ്ങളും കേന്ദ്രീകരിച്ച് റാന്നി ആസ്ഥാനമായി ഒരു റവന്യൂ സബ് ഡിവിഷൻ അനുവദിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ശബരിമലയും ഇടത്താവളങ്ങളും മലയോര പ്രദേശങ്ങളും കേന്ദ്രീകരിച്ചുകൊണ്ട് റാന്നി ആസ്ഥാനമായി ഒരു റവന്യൂ സബ് ഡിവിഷൻ അനുവദിക്കണമെന്നുള്ള ആവശ്യത്തെ സംബന്ധിച്ച് വിശദമായി പരിശോധിച്ചതിനുശേഷം തീരുമാന മെടുക്കുന്നതാണ്.

(11) ശ്രീവിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെ ജന്മഗൃഹം

ശ്രീ. എം.എ. വാഹീദ്: ശ്രീവിദ്യാധിരാജ ചട്ടമ്പി സ്വാമികളുടെ ജന്മ ഗൃഹം ഒരു ചരിത്ര സ്മാരകമായി സംരക്ഷിക്കുന്നതിനും സർക്കാരിന്റെ നിയന്ത്രണത്തിലാക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : വിദ്യാധിരാജ ചട്ടമ്പി സ്വാമികളുടെ ജന്മസ്ഥലത്ത് ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(12) ആശാദാസന്റെ മരണം

ശ്രീ. ജോസ് തെറ്റയിൽ : കോട്ടയം മെഡിക്കൽ കോളേജിലെ മൂന്നാം വർഷ ഡെന്റൽ വിദ്യാർത്ഥിനി ആശാദാസൻ തൃശ്ശൂർ മെഡിക്കൽ കോളേജിൽ നടന്ന ഓപ്പറേഷനോടനുബന്ധിച്ച് മരിക്കാനിടയായ സംഭവത്തെക്കുറിച്ച് വിദഗ്ദ്ധരെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനും കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : ആശാദാസന്റെ മരണത്തെ സംബന്ധിച്ച് അന്വേഷിക്കുന്നതിനുവേണ്ടി നിയോഗിച്ച ഡോക്ടർമാർ ഉൾപ്പെടുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(13) കുട്ടികൾക്ക് അഡ്മിഷൻ നിഷേധിച്ചത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ : കൊല്ലം അസീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ സംസ്ഥാന എൻട്രൻസ് കമ്മിഷണറുടെ അലോട്ട്മെന്റ് മെമ്മോ ലഭിച്ച 5 കുട്ടികൾക്ക് സീറ്റ് നിഷേധിച്ച നടപടി പരിശോധിച്ച് അവർക്ക് അഡ്മിഷൻ ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : സുപ്രീംകോടതിയുടെ അനുമതിയോടുകൂടിയാണ് 50 ശതമാനം സീറ്റുകളിൽ ഗവൺമെന്റ് അലോട്ട്മെന്റ് നടത്തിയത്. മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുമുള്ള സഹായകരമല്ലാത്ത നിലപാട് കൊണ്ടാണ് ഈ പ്രശ്നമുണ്ടായത്. നിയമപരമായ നടപടികൾ സ്വീകരിച്ചുകൊണ്ട് ഈ കുട്ടികളുടെ വിദ്യാഭ്യാസ ഭാവി സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം**

പൊതുമേഖലാസ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ അൻപത്തിയഞ്ചും അൻപത്തിയാറും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണ കാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2008-ലെ കേരള അഡ്വക്കേറ്റ്സ് ക്ളാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : 2008-ലെ കേരള അഡ്വക്കേറ്റ്സ് ക്ളാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : 2008-ലെ കേരള അഡ്വക്കേറ്റ്സ് ക്ളാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : പ്രമേയത്തെ പിന്താങ്ങുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : കേരള അഡ്വക്കേറ്റ്സ്

ക്ളാർക്ക്സ് ക്ഷേമനിധിയിലൂടെ ഒരംഗത്തിന് ലഭിക്കാവുന്ന പരമാവധി തുക ഒരു ലക്ഷം രൂപയിൽനിന്നും രണ്ടുലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചു. അത് നടപ്പിലാക്കുന്നതിന് 2003-ലെ കേരള അഡ്വക്കേറ്റ്സ് ക്ളാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ 14-ഉം 17-ഉം വകുപ്പു കൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് കേരള അഡ്വക്കേറ്റ്സ് ക്ളാർക്ക്സ് ക്ഷേമ നിധി സ്റ്റാമ്പിന്റെ മൂല്യം 2 രൂപയിൽനിന്നും 6 രൂപയായും ക്ഷേമനിധി ഫണ്ടിൽ ഓരോ അംഗവും അടയ്ക്കേണ്ട വാർഷിക വരിസംഖ്യ 200 രൂപ യിൽനിന്നും 400 രൂപയായും വർദ്ധിപ്പിക്കുവാനുമാണ് തീരുമാനിച്ചിട്ടുള്ളത്. ഇത് സഭ ഒന്നടങ്കം ആവശ്യപ്പെട്ടിട്ടുള്ളതും അംഗീകരിക്കുന്നതുമായ ഒരു ബില്ലാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണ മെന്ന് അഭ്യർത്ഥിക്കുന്നു.

Shri. V.D. Satheesan : I move that This House resolves to disapprove The Kerala Advocates' Clerks Welfare Fund (Amendment) Ordinance, 2008 (Ordinance No.34 of 2008). കേരള അഡ്വക്കേറ്റ്സ് ക്ളാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പിന്റെ മൂല്യം 2 രൂപയിൽനിന്നും 6 രൂപയായും, ക്ഷേമനിധി ഫണ്ടിൽ ഓരോ അംഗവും അടയ്ക്കേണ്ട വാർഷിക വരിസംഖ്യ 200 രൂപയിൽനിന്നും 400 രൂപയായും വർദ്ധിപ്പിക്കുവാനുള്ള തീരുമാനത്തെ പൂർണ്ണമായും സ്വാഗതം ചെയ്യുകയാണ്. ഈ വിഭാഗത്തിന് ഒരു പെൻഷൻ സ്കീംകൂടി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. കെ. ശിവദാസൻ നായർ : നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. കേരള അഡ്വക്കേറ്റ്സ് ക്ളാർക്ക്സ് ക്ഷേമനിധി തുക ഒരു ലക്ഷം രൂപ യിൽനിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്.

അഡ്വക്കേറ്റ്സ് ക്ളാർക്ക്സിന് വിശ്രമമുറിയും ജോലി ചെയ്യുന്നതിന് കോടതികളിൽ പ്രത്യേകമായ സ്ഥലവും ഒരുക്കുന്നതിന് നടപടി സ്വീകരിക്കണം. അഡ്വക്കേറ്റ്സ് ക്ളാർക്ക്സിന് പെൻഷൻ കൊടുക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം. കേസ്സുകൾ പെട്ടെന്ന് തീർപ്പാക്കുന്നതിന് ആവശ്യമുണ്ടെങ്കിൽ എല്ലാ ജില്ലകളിലും കൂടുതൽ എം.എ.സി. ട്രിബ്യൂണലുകൾ സ്ഥാപിക്കുന്നതിന് ആലോചിക്കണം. കെ.എസ്.ആർ.ടി.സി. ബസ്സുകൾ തട്ടി അപകടം സംഭവിക്കുന്നവർക്കും മരിച്ചവരുടെ ആശ്രിതർക്കും നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. അഡ്വക്കേറ്റ്സ് ക്ലാർക്കുമാരുടെ ക്ഷേമനിധിയിൽ ഗവൺമെന്റ് കോൺട്രിബ്യൂഷന് വ്യവസ്ഥ കൊണ്ടുവരണം. ഒരംഗം മരണപ്പെട്ടാൽ ക്ഷേമനിധിയിൽ നിന്ന് ആശ്രിതർക്കു നൽകുന്ന ധനസഹായം കുറഞ്ഞത് 30,000 രൂപയായി വർദ്ധിപ്പിക്കണം. സ്വാഭാവിക മരണം സംഭവിക്കുന്നവർക്കും പ്രയോജനം ലഭിക്കത്തക്കവിധത്തിൽ മെഡിക്ലെയിം ഇൻഷ്വറൻസ് പദ്ധതി പരിഷ്ക്കരിക്കണം. ക്ഷേമനിധിയിൽ അംഗമായവർക്ക് വീടുവയ്ക്കുന്നതിനും മക്കളുടെ വിദ്യാഭ്യാസത്തിന് വായ്പയെടുക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ഉണ്ടാകണം. സ്റ്റാമ്പ് ലഭ്യമാക്കുന്നതിന് മേഖലാ അടിസ്ഥാനത്തിൽ ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. വക്കീലന്മാരുടെ ആഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ ഓപ്പറേറ്റർമാരേയും ടൈപ്പിസ്റ്റ്മാരേയും ഈ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരണം. കോടതികളോടനുബന്ധിച്ച് വക്കീൽ ഗുമസ്തന്മാർക്ക് ജോലി ചെയ്യുന്നതിന് പ്രത്യേകമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u>: 2008-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-1-2009 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധിയിൽ നിന്നും ഒരംഗത്തിന് ലഭിക്കാവുന്ന പരമാവധി ക്ഷേമനിധി തുക ഒരു ലക്ഷം രൂപയിൽ നിന്ന് രണ്ടുലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ 2003-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി ആക്ടിലെ 14-ഉം 17-ഉം വകുപ്പുകൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പിന്റെ മൂല്യം 2 രൂപയിൽ നിന്ന് 6 രൂപയായും ക്ഷേമനിധി ഫണ്ടിൽ ഓരോ അംഗവും അടയ്ക്കേണ്ട വാർഷിക വരിസംഖ്യ 200 രൂപയിൽ നിന്ന് 400 രൂപ യായും വർദ്ധിപ്പിക്കുന്നതിനുള്ള നിയമനിർമ്മാണമാണിത്. ഈ ക്ഷേമനിധി ഫണ്ടിൽ നിന്നുള്ള ആനുകൂല്യം തുച്ഛമായതിനാൽ സർക്കാരിന്റെ അംശ ദായം കൂടി ഉൾപ്പെടുത്തി ക്ഷേമനിധി വിപുലീകരിക്കണം. ഇൻഷ്വറൻസ്, പെൻഷൻ, വീടുനിർമ്മിക്കുന്നതിനും വിദ്യാഭ്യാസത്തിനും ആനുകൂല്യങ്ങൾ എന്നിവ ലഭ്യമാക്കാൻ ബില്ലിൽ വ്യവസ്ഥ ചെയ്യണം. പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന കോടതി കെട്ടിടങ്ങളും ഫർണീച്ചറുകളും നന്നാക്കുകയും വക്കീൽ ഗുമസ്തന്മാർക്ക് ഇരിക്കാനും വിശ്രമിക്കാനുമുള്ള സൗകര്യമുണ്ടാ ക്കുകയും വേണം. . അവർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകണം. കേസു കളുടെ വർദ്ധനവിനാനുപാതികമായി കോടതികളുടെയും നീതിന്യായ ഉദ്യോ ഗസ്ഥരുടെയും എണ്ണം വർദ്ധിപ്പിക്കണം. മോട്ടോർ ആക്സിഡന്റ് കേസ്സുക ളുടെ വർദ്ധനവ് അനുസരിച്ച് ട്രിബ്യൂണലുകളുടെ എണ്ണം വർദ്ധിപ്പിക്കണം. അഡ്വക്കേറ്റ്സ് ക്ലാർക്കുമാരുടെ പ്രശ്നങ്ങൾ അവരുടെ അസോസിയേഷനു കളുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരി ക്കണം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 2008-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണ

നയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അഡ്വക്കേറ്റ്സ് ക്ലാർക്കുമാർക്ക് സേവന-വേതന കാര്യങ്ങളിൽ നിയമപരമായ പരിരക്ഷ ഉറപ്പുവരുത്തണം. തുച്ഛ വരുമാനക്കാരും കടുത്ത ചൂഷണത്തിന് വിധേയ മാകുന്നവരുമായ അഡ്വക്കേറ്റ്സ് ക്ലാർക്കുമാരുടെ ക്ഷേമനിധി തുക ഒരു ലക്ഷം രൂപയിൽ നിന്ന് രണ്ടുലക്ഷം രൂപയായി വർദ്ധിപ്പിക്കാനുള്ള തീരുമാനം ശ്ലാഘനീയമാണ്. അതിനുവേണ്ടി വാർഷിക വരിസംഖ്യ 200 രൂപയിൽ നിന്നും 400 രൂപ ആക്കുന്ന കാര്യം സ്വാഗതാർഹമാണ്. 2004-ൽ പ്രവർത്തനമാരംഭിച്ച ക്ഷേമനിധി ബോർഡിന്റെ നടത്തിപ്പിൽ ഉയർന്നു വന്നിട്ടുള്ള ഗൗരവതരമായ പ്രശ്നങ്ങൾ പരിഹരിക്കണം. വിദ്യാഭ്യാസ യോഗ്യത, യൂണിഫോം കോഡ്, രജിസ്ട്രേഷൻ, കമ്പ്യൂട്ടറിലും നിയമകാര്യ ങ്ങളിലും ട്രെയിനിംഗ് തുടങ്ങി അഡ്വക്കേറ്റ്സ് ക്ലാർക്കുമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നടപ്പാക്കണം. വകുപ്പ് 4 (3) (ഇ) അനുസരിച്ചുള്ള കമ്മിറ്റിയിൽ ഒഴിഞ്ഞുകിടക്കുന്ന രണ്ട് തസ്തികകളിലും വക്കീൽ ഗുമസ്തന്മാരുടെ പ്രതിനിധികളെ നിയമിക്കണം. എല്ലാ വക്കീൽ ഗുമസ്തന്മാർക്കും സമയബന്ധിതമായി ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം. വാർഷിക വരിസംഖ്യാ വർദ്ധനവിനനുസരിച്ച് ക്ഷേമനിധി ആനുകൂല്യങ്ങളും വർദ്ധിപ്പി ക്കണം. ക്ഷേമനിധിയിലേയ്ക്ക് സർക്കാർ വിഹിതം നൽകണം. അംഗങ്ങ ളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായവും പെൺമക്കളുടെ വിവാഹത്തിന് ധനസഹായവും നൽകണം. ക്ഷേമനിധി തുകയായ ഒരു ലക്ഷം രൂപ ലഭിക്ക ണമെങ്കിൽ 30 കൊല്ലത്തെ സേവനം പൂർത്തിയാക്കിയിരിക്കണമെന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈ സേവന കാലാവധി കുറയ്ക്ക

ണം. ഗ്രൂപ്പ് മെഡി ക്ലെയിം പദ്ധതിയനുസരിച്ചുള്ള ആനുകൂല്യം വർദ്ധിപ്പിക്കണം. പെൻഷൻ പദ്ധതി നടപ്പിലാക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമവുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി ഭേദഗതി ബില്ലിനെ സംബന്ധിച്ച് പൊതുവെ നല്ലൊരു ചർച്ചയാണ് നടന്നത്. വക്കീൽ ഗുമസ്തൻമാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിൽ ആർക്കും വിയോജിപ്പില്ല. കേസ്സുകളുടെ നടത്തിപ്പിൽ വക്കീൽ ഗുമസ്തന്മാരുടെ സഹായമില്ലാതെ വക്കീലൻമാർക്ക് പ്രവർത്തിക്കാൻ കഴിയില്ല. ഗുമസ്തർക്ക് ഡ്രസ്സ് കോഡും പ്രത്യേക പേരും നൽകുന്നത് സംബന്ധിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. ഗുമസ്തർ കേസ് സംബന്ധമായ എല്ലാ കാര്യങ്ങളിലും ഇടപെടുന്നുണ്ടെങ്കിലും അവർക്ക് കോടതിയിൽ പ്രവേശിക്കുന്നതിന് പലപ്പോഴും സാധിക്കുന്നില്ല. ഇക്കാര്യത്തിലെല്ലാം മാറ്റങ്ങളാവശ്യമാണ്. വക്കീലന്മാർക്കും ഗുമസ്തർക്കും ഹർജിക്കാർക്കും ഇരിപ്പിടം ലഭ്യമാക്കുന്നതിന്റെ മുന്നോടിയായിട്ടാണ് 700-ലധികം കോടതികളിൽ ലിറ്റിഗന്റ് ബഞ്ച് സ്ഥാപിച്ചത്. ക്ഷേമനിധി സ്റ്റാമ്പ് മൂല്യവും വാർഷിക വരിസംഖ്യയും വർദ്ധിപ്പിച്ചുകൊണ്ടുള്ള ഭേദഗതിയും നടപ്പിലാക്കിയിട്ടുണ്ട്. ക്ഷേമനിധി ആനുകൂല്യത്തിന് ബഡ്ജറ്റ് പ്രൊവിഷനില്ലെങ്കിൽപ്പോലും സർക്കാരിന്റെ ഇൻഡയറക്ടായ കോൺട്രിബ്യൂഷനുണ്ട്. ലീഗൽ ബെനിഫിറ്റ് ഫണ്ടിൽനിന്ന് 20 ശതമാനം തുക അഡ്വക്കേറ്റ്സ് ക്ലാർക്കിന്റെ ക്ഷേമനിധിക്കാണ് നൽകുന്നത്. ബാക്കിയുള്ള 80 ശതമാനത്തിൽ നിന്നുമാണ് മറ്റ് പരിഷ്ക്കാരങ്ങൾക്കായി ചെലവഴിക്കുന്നത്. പെൻഷൻ പദ്ധതി സംബന്ധിച്ച സ്കീമിന്റെ പഠനറിപ്പോർട്ട് ലഭിച്ചശേഷം പദ്ധതി നടപ്പിലാക്കും. മെഡിക്ലെയിം തുടക്കമെന്ന നിലയിൽ നടപ്പിലാക്കിയി

ട്ടുണ്ട്. എസ്. സി./എസ്.ടി. വകുപ്പുമായി കൂടിയാലോചിച്ച് ആ വിഭാഗത്തിലുള്ളവർക്ക് പരിശീലനംനൽകി വക്കീൽ ഗുമസ്തരുടെ ജോലി ലഭ്യമാക്കുന്ന സ്കീം പുന:സ്ഥാപിക്കുന്നതാണ്. ക്ഷേമനിധിയുമായി ബന്ധപ്പെട്ടുള്ള ആക്ഷേപങ്ങളിൽ കഴമ്പുണ്ടോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. മറ്റ് കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാവുന്നതാണ്.

നിരാകരണപ്രമേയവും ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2008-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) <u>2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി ബിൽ)</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ)</u>: 2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തു വയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. ഗുരുദാസൻ)</u>: 2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

Shri K. Babu : I move that This House resolves to disapprove The Kerala Headload Workers (Amendment) Ordinance, 2008 (Ordinance No.26 of 2008). ഈ നിയമം 1978-ൽ കൊണ്ടുവന്നതാണ്. ഈ നിയമത്തിൽ ചുരുക്കം ചില ഭേദഗതികളാണ് കൊണ്ടുവന്നിട്ടുള്ളത്. നിലവിലുള്ള തദ്ദേശ സമിതികളുടെ എണ്ണം 34-ൽനിന്നും റവന്യൂ ജില്ലാടിസ്ഥാനത്തിൽ 14 ആയി കുറച്ചിരിക്കുകയാണ്. 34 കമ്മിറ്റികളുണ്ടായിട്ടും പല പ്രശ്നങ്ങളും പരിഹരിക്കാതെ നീണ്ടുപോകുകയാണ്. 'കൺവീനർ' എന്നത് മാറ്റി 'ജില്ലാ സെക്രട്ടറി' എന്നാക്കുമ്പോൾ സെക്രട്ടറി 14 ജില്ലകളിലും പോയിവരുമ്പോൾ പ്രശ്നങ്ങൾ പരിഹരിക്കാൻ കാലതാമസം നേരിടും. 14 ആയി ചുരുക്കിയെങ്കിലും ആവശ്യമാണെങ്കിൽ സബ് കമ്മിറ്റികളെ നിയോഗിക്കാമെന്ന വ്യവസ്ഥയുണ്ട്. യഥാർത്ഥത്തിൽ ഈ മേഖലയിലുള്ള തൊഴിലാളികളുടെ ക്ഷേമകാര്യങ്ങൾ ഉറപ്പുവരുത്താനും അനഭിലഷണീയ പ്രവണതകൾ ഒഴിവാക്കാനുമാണ് ഈ ഭേദഗതി കൊണ്ടുവന്നത്. തൊഴിലാളി നേതാക്കൻമാർ ജോലി ചെയ്യാതെ യൂണിയനുകളുടെ പൂളിൽ പേര് രജിസ്റ്റർ ചെയ്ത് ശമ്പളം പറ്റുന്ന തെറ്റായ പ്രവണത അവസാനിപ്പിക്കണം. അതിന് ആർജ്ജവമുള്ള സംഘടനകൾ ആരും ജോലി ചെയ്യാതെ ശമ്പളം വാങ്ങാൻ പാടില്ലെന്ന് തീരുമാനമെടുക്കുകയും പൂളിൽ രജിസ്റ്റർ ചെയ്ത് ശമ്പളം പറ്റുന്ന രീതി അവസാനിപ്പിക്കണമെന്ന് തീരുമാനിക്കുകയും ചെയ്യണം. സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലുമുള്ള തൊഴിലാളികളെ ചുമട്ടുതൊഴിലാളി ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരാനാവശ്യമായ നടപടികൾ സ്വീകരിക്കണം. സംസ്ഥാനത്ത്

പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളിൽ ഒരേ സ്വഭാവത്തിലുള്ളവ ഏകോപിപ്പിച്ച് ഭരണ ചെലവുകൾ കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കണം. കേരളത്തിലേയ്ക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനുതകുന്ന സാഹചര്യം സൃഷ്ടിക്കാൻ സാധിക്കുന്ന തരത്തിൽ തൊഴിലാളികളെ പ്രാപ്തരാക്കണം.

ശ്രീ. ബി. ബാബുപ്രസാദ്: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ നിലവിലുള്ള തദ്ദേശ സമിതികളുടെ എണ്ണം 34-ൽ നിന്നും 14 ആയി ചുരുക്കുന്നത് ചെലവ് ചുരുക്കുന്നതിനാണെന്നാണ് പറയുന്നത്. നിലവിലുള്ള 34 തദ്ദേശ കമ്മിറ്റികൾക്കുപകരം 14 റവന്യൂ ജില്ലാ കമ്മിറ്റികളെ കൊണ്ടുവരികയും സർക്കാരിന് ആവശ്യമാണെന്ന് തോന്നുന്ന ഏത് പ്രദേശത്തും പ്രത്യേക കമ്മിറ്റികളെ നിയമിക്കാൻ അധികാരം നൽകുകയും ചെയ്യുന്നതുവഴി ജനാധിപത്യവിരുദ്ധമായ ഒരു ഗൂഢതാൽപ്പര്യം ഗവൺമെന്റിനുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. റവന്യൂ ജില്ലയ്ക്കുവേണ്ടി നിയമിക്കപ്പെട്ടിട്ടുള്ള കമ്മിറ്റിക്ക് പ്രത്യേക കമ്മിറ്റിയുടെ പ്രദേശങ്ങൾക്കുള്ളിലെ അധികാരിത ഉണ്ടായിരിക്കുന്നതല്ലാത്ത വിധത്തിൽ ആക്ട് ഭേദഗതി ചെയ്യുന്നതുകൊണ്ട് ഭാവിയിൽ ഏത് തരത്തിലുള്ള അധികാരദുർവിനിയോഗത്തിനും ഇടയുണ്ടാകും. 2002-ൽ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് കൊണ്ടുവന്ന ബില്ലിൽ ഉൾക്കൊള്ളിച്ചിരുന്ന തൊഴിൽ പ്രശ്നവുമായി തർക്കമുണ്ടായാൽ പോലീസിന് പ്രവേശിക്കാം എന്നത് തൊഴിലാളിവിരുദ്ധ ഭേദഗതിയായി ഇടതുപക്ഷജനാധിപത്യമുന്നണി പ്രചാരണം നടത്തി. പതിറ്റാണ്ടുകളായി നോക്കുകൂലിയെ പ്രോത്സാഹിപ്പിക്കുകയും അതിന്റെ ഗുണം കവർന്നെടുക്കുകയും ചെയ്തതിനുശേഷം വർത്തമാനകാല രാഷ്ട്രീയ പ്രസക്തിക്കുവേണ്ടി അതിനെതിരെ പ്രതികരിക്കാൻ

തയ്യാറാകുകയാണുണ്ടായത്. ഇൻവെസ്റ്റുമെന്റ് ഫ്രണ്ട്‌ലിയായ സംസ്ഥാനത്ത് വരാൻ പോകുന്ന പുരോഗതിക്ക് തടസ്സം നിൽക്കുന്നത് തൊഴിലാളികളുടെ ട്രേഡ് യൂണിയനിസമാണെന്ന ആരോപണം തൊഴിലാളികളുടെമേൽ കെട്ടിവയ്ക്കുന്ന രീതിയിലുള്ള പ്രൊവിഷൻ എടുത്തുകളയണം.

ശ്രീ. വർക്കല കഹാർ: 2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ 31-12-2009 വരെ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. രണ്ടര ലക്ഷത്തോളം വരുന്ന ചുമട്ടുതൊഴിലാളികൾക്കുവേണ്ടി ആദ്യമായി ഒരു നിയമം കൊണ്ടുവന്നത് 1978-ലാണ്. വേൾഡ് ലേബർ ഓർഗനൈസേഷന്റെ കണക്കുപ്രകാരം 50 കിലോഗ്രാമിൽ കൂടുതൽ ചുമടെടുക്കാൻ പാടില്ലെന്നുണ്ടെങ്കിലും ചുമട്ടുതൊഴിലാളികൾ 100 കിലോഗ്രാമിനുമുകളിൽ ചുമക്കുന്നുണ്ട്. ഇത്രയും കഠിനാധ്വാനം ചെയ്യുന്നതുകൊണ്ട് 60 വയസ്സാകുന്നതിനുമുമ്പുതന്നെ തൊഴിലാളികൾക്ക് പലതരത്തിലുള്ള രോഗം പിടിപെടുന്നു. അതുകൊണ്ട് അവർക്കുവേണ്ടി ഒരു ക്ഷേമനിധി നിയമം കൊണ്ടുവന്നത് സ്വാഗതാർഹമാണ്. ഓരോ റവന്യൂ ജില്ലയിലും ഓരോ കമ്മിറ്റിയും ടൗൺഷിപ്പിന് കമ്മിറ്റിയുമുള്ള സാഹചര്യത്തിൽ പ്രത്യേക പ്രാധാന്യമുള്ള പ്രദേശങ്ങൾക്കുവേണ്ടി ഒരു കമ്മിറ്റിയുടെ ആവശ്യമില്ല. (5-ഉം) (6-ഉം) ഉപവകുപ്പുകളിൽ "ജില്ലാ സെക്രട്ടറി" എന്നുള്ള പേരുമാറ്റി "കമ്മിറ്റി സെക്രട്ടറി" എന്നാക്കണം. സ്റ്റാറ്റ്യൂട്ടറി അധികാരമില്ലെങ്കിലും അഡ്വൈസറി കമ്മിറ്റി ആവശ്യമാണ്. (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ ഉപദേശക സമിതിയിലും ഏഴുപേരിൽ ഒരാൾ ബോർഡിലെ ഉദ്യോഗസ്ഥൻ എന്നതിനുപകരം കമ്മിറ്റിയിലെ ഒരുദ്യോഗസ്ഥൻ എന്നാക്കണം. ഈ നിയമം പാസ്സാകുന്നതോടുകൂടി 2002-ൽ അവതരിപ്പിച്ച

ഭേദഗതി ബിൽ അസാധുവാകുകയും 1978-ൽ പാസ്സാക്കിയ നിയമത്തിന് തുല്യമാകുകയും ചെയ്യും. 34 തദ്ദേശ കമ്മിറ്റികൾ ഉണ്ടെങ്കിലും 10 കമ്മിറ്റികളും ഇന്ന് ഭീമമായ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. തൊഴിലാളികളുടെ ടെർമിനൽ ബെനിഫിറ്റ് ഫണ്ടുപോലും എടുത്ത് ചെലവാക്കുന്ന അനഭിലഷണീയ പ്രവണത അവസാനിപ്പിച്ച് കമ്മിറ്റികളെ രാഷ്ട്രീയവൽക്കരിക്കാതെ ശക്തിപ്പെടുത്തണം.

<u>ശ്രീമതി കെ.കെ. ലതിക</u>: 2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ചുമട്ടുതൊഴിലാളികൾ ഭീകരരാണെന്ന രൂപത്തിലുള്ള ചർച്ചയാണ് പല ഭാഗത്തുനിന്നും ഉണ്ടായത്. ഭൂവുടമ നൽകുന്ന തുച്ഛമായ കൂലി വാങ്ങി പോകേണ്ട അവസ്ഥയിൽ നിന്ന് വ്യത്യസ്തമായ ഒരു സ്ഥിതിവിശേഷത്തിലേയ്ക്ക് നയിക്കുന്ന വിധത്തിലുള്ള ഒരു നിയമം കൊണ്ടുവരാൻ തയ്യാറായത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. കേരളത്തിലെ ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് അനുഗുണമായിട്ടുള്ള ഒരു വ്യവസ്ഥയാണ് 2008-ലെ കേരളചുമട്ടുതൊഴിലാളി (ഭേദഗതി) ബില്ലിലുള്ളത്. ചുമട്ടുതൊഴിലാളികളുടെ ക്ഷേമത്തിനായി പ്രത്യേക നിയമവും നിയമവിധേയമായിട്ടുള്ള ക്ഷേമബോർഡും നിലവിൽ വന്നിട്ടുണ്ട്. ചില മേഖലകളിൽ നിലനിൽക്കുന്ന നോക്കുകൂലി സമ്പ്രദായം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ വികസനത്തിന് ഊന്നൽ നൽകുന്ന നിയമങ്ങൾ നിർമ്മിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ചുമട്ടുതൊഴിലാളികൾക്ക് വളരെ അനുയോജ്യമായ ഒരു ഭേദഗതി നിയമമാണ് അവതരിപ്പിച്ചിട്ടുള്ളത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 2002-ലെ നിയമം റിപ്പീൽ ചെയ്തുകൊണ്ട് ഒരു പുതിയ നിയമമാണ് കൊണ്ടുവന്നിട്ടുള്ളത്. 1978-ലെ ദി കേരള ഹെഡ്ലോഡ് വർക്കേഴ്സ് ആക്ട് രണ്ടു വർഷത്തെ ഇടവേള കഴിഞ്ഞാണ് അംഗീകരിച്ചത്. 1981-ലാണ് അതിന്റെ റൂൾസ് തയ്യാറാക്കിയത്. ദി കേരള ലോഡിംഗ് ആന്റ് അൺലോഡിംഗ് റഗുലേഷൻ ഓഫ് വേജസ് ആന്റ് റെസ്ട്രിക്ഷൻ ഓഫ് അൺലാഫുൾ പ്രാക്ടീസസ് ആക്ട് 2002, യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്നതാണ്. റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സ്കീം കേരള എന്നുപറഞ്ഞ് ഹെഡ് ലോഡ് വർക്കേഴ്സിനു വേണ്ടി ഒരു വ്യവസ്ഥ 1983-ൽ കൊണ്ടുവന്നു. 1995-ൽ കേരള ഹെഡ് ലോഡ് വർക്കേഴ്സ് അറ്റാച്ച്ഡ് ഗ്രൂപ്പ് വെൽഫെയർ സ്കീം കൊണ്ടുവന്നു. കേരള ഹെഡ്ലോഡ് വർക്കേഴ്സ് സ്കാറ്റേർഡ് ഗ്രൂപ്പ് വെൽഫെയർ സ്കീം പിന്നീടാണ് കൊണ്ടുവന്നത്. 2002-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കൊണ്ടുവന്ന ദി കേരള ലോഡിംഗ് ആന്റ് അൺലോഡിംഗ് (പ്രൊഹിബിഷൻ ഓഫ് എക്സ്റ്റോർഷണറി, ഇന്റിമിഡേറ്ററി ഓർ അദർ അൺലാഫുൾ, പ്രാക്ടീസസ്) ബില്ലിൽ നിന്നും "എക്സ്റ്റോർഷണറി, ഇന്റിമിഡേറ്ററി" എന്നീ രണ്ടു വാക്കുകൾ മാറ്റിയത് വലിയ പ്രക്ഷോഭങ്ങൾക്കുശേഷമാണ്. ആ നിയമം പിന്നീട് നടപ്പിലാക്കിയില്ല എന്നാണ് പറയുന്നത്. ഇൻഡസ്ട്രീയൽ ഡിസ്പ്യൂട്ട് ആക്ടിൽ നോക്കുകൂലി എന്നുപറഞ്ഞ് ഒരു വ്യവസ്ഥ ഇല്ല. പണി എടുക്കുന്ന വർക്കാണ് കൂലി. വർക്കർ-എംപ്ലോയർ റിലേഷൻഷിപ്പായതുകൊണ്ട് നോക്കുകൂലി തൊഴിലാളികൾക്ക് ബാധകമല്ല. പണിയെടുക്കുന്നവന് കൂലിയും ആനുകൂല്യങ്ങളും കൊടുക്കണം, അതിന് സഹായകമായിട്ടാണ്

നിയമനിർമ്മാണങ്ങൾ കൊണ്ടുവരേണ്ടത്. വികസനം സാധ്യമാക്കി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ഗവൺമെന്റിന്റെ നയം. തൊഴിലാളിയും തൊഴിലുടമയും തമ്മിൽ മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കേണ്ടതുണ്ട്. തൊഴിലാളികൾക്ക് അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും കൊടുക്കണം. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കിത്തരണം.

നിരാകരണ പ്രമേയവും ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ ഭക്ഷ്യവും ഭവന നിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

3. <u>2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും വിൽപ്പനക്കാരുടേയും ക്ഷേമനിധി ബിൽ</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും വിൽപ്പനക്കാരുടേയും ക്ഷേമനിധി ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്താനുള്ള സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തു വയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും വിൽപ്പനക്കാരുടേയും ക്ഷേമനിധി

ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): പ്രമേയത്തെ പിന്താങ്ങുന്നു.

Shri K.C. Venugopal: I move that This House resolves to disapprove The Kerala State Lottery Agent’s and Sellers' Welfare Fund Ordinance, 2008 (Ordinance N0.33 of 2008). സമൂഹത്തിൽ ഏറ്റവും താഴെത്തട്ടിലുള്ള ജനവിഭാഗത്തെ ബാധിക്കുന്ന നിയമനിർമ്മാണമാണിത്. ലോട്ടറി വിറ്റ് ഉപജീവനം നടത്തുന്നവരുടെ ജീവിത ഉന്നമനത്തിന് ഉതകുന്ന നടപടികളാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യേണ്ടത്. ഏജന്റുമാരിൽ വൻകിടക്കാരായിട്ടുള്ള ആളുകളുണ്ട്. ഏറ്റവും കൂടുതൽ സപ്പോർട്ട് കൊടുക്കേണ്ട ഒരു വിഭാഗമാണ് ലോട്ടറി ജീവനക്കാർ. നിത്യനിദാനച്ചെലവുകൾ നടത്താൻപോലും വിഷമിക്കുന്ന ലോട്ടറി വിൽപ്പനക്കാരിൽനിന്ന് 50 രൂപ അംശദായമായി ഈടാക്കണമോ എന്നുള്ളത് പരിശോധിക്കണം. ഇവരുടെ പെൻഷനാനുകൂല്യങ്ങളും വിവാഹ ധനസഹായവും ആരോഗ്യരക്ഷയ്ക്കുള്ള സഹായവും വർദ്ധിപ്പിക്കണം. അന്ധരും ബധിരരും വികലാംഗരുമായ ലോട്ടറി വിൽപ്പനക്കാരിൽനിന്നും അംശദായം ഈടാക്കരുത്. സംസ്ഥാന ലോട്ടറികൾ വളരെയധികം പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ലോട്ടറി സംവിധാനം പരാജയപ്പെട്ടിരിക്കുന്ന കാര്യം ഗൗരവമായി ആലോചിക്കണം. അന്യസംസ്ഥാന ലോട്ടറിക്കാർ സംസ്ഥാനത്തെ പാവപ്പെട്ട ജനങ്ങളെ ചൂഷണം ചെയ്ത് സമ്പത്ത് മുഴുവൻ അന്യസംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടു

പോകുകയാണ്. ഇതുമായി ബന്ധപ്പെട്ട പല കേസുകളിലും അഡ്വക്കേറ്റ് ജനറൽ ഹാജരാകുന്നില്ല. ലോട്ടറി ജീവനക്കാരുടെ ആനുകൂല്യങ്ങൾ പരമാവധി വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാന ലോട്ടറികളെ ശക്തിപ്പെടുത്താനുള്ള ഒരു നിയമനിർമ്മാണമായി ഇത് മാറണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. സമൂഹത്തിൽ ഏറ്റവുമധികം ബുദ്ധിമുട്ട് അനുഭവിക്കുന്ന വിഭാഗത്തിൽപ്പെട്ടവരാണ് ലോട്ടറി വിൽപ്പനക്കാർ. ഇവർക്ക് വളരെ തുച്ഛമായിട്ടുള്ള വരുമാനമാണ് ലഭിക്കുന്നത്. ഇതിന്റെ ഏജന്റുമാർ വൻകിടക്കാരാണ്. ഈ ക്ഷേമനിധിയിലേയ്ക്കുള്ള ഗവൺമെന്റ് വിഹിതം ഒരു ശതമാനമെന്നുള്ളത് രണ്ടുശതമാനമായി വർദ്ധിപ്പിക്കണം. പ്രഗൽഭരായ വക്കീലന്മാരെവച്ച് വാദിക്കാൻ കഴിയാത്തതുകൊണ്ടാണ് അന്യസംസ്ഥാന ലോട്ടറിയുമായി ബന്ധപ്പെട്ട കേസ്സുകളിലെല്ലാം സംസ്ഥാന സർക്കാർ തോൽക്കുന്നത്. നിലവിലുള്ള ലോട്ടറികൾക്ക് സമാന്തരമായ ലോട്ടറികൾ സംസ്ഥാന സർക്കാർ നടത്തുന്നത് ശരിയല്ല. ഈ ലോട്ടറികൾ സർക്കാർ ആഫീസുകളിൽ ചെല്ലുന്നവരുടെമേൽ അടിച്ചേൽപ്പിക്കുകയാണ്. നറുക്കെടുപ്പിന്റെ തലേദിവസം സർക്കാർ ആഫീസുകളിൽ പോകാൻ സാധിക്കുന്നില്ല. സർക്കാർ സ്ഥാപനങ്ങൾ ലോട്ടറി വിൽക്കുന്ന സ്ഥാപനങ്ങളാക്കി മാറ്റുന്നത് ശരിയല്ല. ആർക്കും നിർഭയം കയറിവരാനും പരാതി പറയാനും പറ്റുന്ന സ്ഥലമായിരിക്കണം സർക്കാർ ആഫീസുകൾ. സംസ്ഥാനത്ത് ഇപ്പോൾ നടക്കുന്ന ഗ്രാന്റ് ഷോപ്പിംഗ് ഫെസ്റ്റിവലും ഒരു ലോട്ടറി തന്നെയാണ്. ഈ gambling system അവസാനിപ്പിക്കണം.

<u>ശ്രീ. പി. ജയരാജൻ</u>: 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.01.2009 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2007-08 ബഡ്ജറ്റ് പ്രസംഗത്തിൽ ഭാഗ്യക്കുറി ഏജന്റുമാരുടേയും വിൽപ്പനക്കാരുടേയും ഗുണത്തിനായി പുതിയ ക്ഷേമനിധി രൂപീകരിക്കുമെന്ന് പറയുകയുണ്ടായി. 1991-ലെ ക്ഷേമനിധി പദ്ധതി ഏജന്റുമാർക്ക് മാത്രമായിരുന്നുവെങ്കിൽ വിൽപ്പനക്കാർക്കുകൂടി ബാധകമാക്കുന്ന, രണ്ട് ലക്ഷത്തോളം പേർക്ക് ആനുകൂല്യങ്ങൾ നൽകുന്ന ബില്ലാണിത്. 1967-ൽ സംസ്ഥാനത്ത് ലോട്ടറി സംവിധാനം നടപ്പിലാക്കിയ സമയത്ത് ലോട്ടറിയുടെ വിറ്റുവരവ് 20 ലക്ഷം രൂപയായിരുന്നുവെങ്കിൽ കഴിഞ്ഞ വർഷം അത് 335 കോടി രൂപയായി വർദ്ധിക്കുകയുണ്ടായി. വരുമാന സ്രോതസ്സായ ലോട്ടറി മേഖലയിൽ പണിയെടുക്കുന്ന ഏജന്റുമാർക്കും വിതരണക്കാർക്കും ക്ഷേമനിധി ഏർപ്പെടുത്തി സാമൂഹ്യമായ സുരക്ഷിതത്വം ഉറപ്പാക്കിയാൽ ഈ രംഗത്തെ വരുമാനം ഇനിയും വർദ്ധിപ്പിക്കാൻ കഴിയും. ഈ ബില്ലിൽ ക്ഷേമനിധിയുടെ കാര്യനിർവഹണം നടത്തുന്നത് സംസ്ഥാനതലത്തിലുള്ള 11 അംഗങ്ങളടങ്ങിയ നിർവാഹക സമിതിയാണ്. മറ്റു പല ക്ഷേമനിധികളിലും ഉള്ളതുപോലെ ഇതിലും കാര്യങ്ങൾ നിർവഹിക്കുന്നത് ക്ഷേമനിധി ബോർഡ് ആയിരിക്കണം. ക്ഷേമപദ്ധതിയുടെ വിശദാംശങ്ങൾ ബില്ലിൽ ഉൾപ്പെടുത്തണം. കുടുംബത്തിന്റെ നിർവചനത്തിൽ അവിവാഹിതരായ സഹോദരിമാർ, പ്രായപൂർത്തിയാകാത്ത സഹോദരന്മാർ എന്നിവരെക്കൂടി ഉൾപ്പെ

ടുത്തണം. അപകട മരണം സംഭവിച്ചവരുടെ കുടുംബത്തിന് സഹായം നൽകുന്നതിനും ചികിത്സാ സഹായത്തിനുമുള്ള വ്യവസ്ഥകൾ ബില്ലിൽ ഉണ്ടാകണം. വിതരണക്കാരെക്കൂടി വിൽപ്പനക്കാരുടെ പരിധിയിൽ ഉൾപ്പെടുത്തണം. ക്ഷേമനിധിയിലെ അംശദായം 50 രൂപയെന്നുള്ളത് കുറയ്ക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. ലോട്ടറിയുടെ വിൽപ്പന വർദ്ധിക്കുന്തോറും ക്ഷേമനിധിയിലേയ്ക്കുള്ള സർക്കാർ വിഹിതം കൂടുകയാണ്. 1998-ൽ കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ ലോട്ടറി നിയമമനുസരിച്ച് സംസ്ഥാന ഗവൺമെന്റിന്റെ പൂർണ്ണനിയന്ത്രണത്തിലുള്ള ലോട്ടറികളിൽ കൈപ്പറ്റാതെ വരുന്ന സമ്മാനങ്ങളെല്ലാം സംസ്ഥാന ഗവൺമെന്റിന്റെ സ്വത്തായി മാറും. ലോട്ടറികളുടെ നറുക്കെടുപ്പ് സംസ്ഥാനത്തിനകത്തു വച്ചുതന്നെ നടത്തണം. ലോട്ടറി മേഖലയിൽ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ ഉണ്ടായാൽ അതു തടയാനുള്ള ഉത്തരവാദിത്വം കേന്ദ്ര ഗവൺമെന്റിനുണ്ട്. ഓൺ ലൈൻ ലോട്ടറികളെ സംബന്ധിച്ച് സുപ്രീംകോടതിയിൽ കേസ് നടന്നുകൊണ്ടിരിക്കുകയാണ്. അന്യസംസ്ഥാന ലോട്ടറികൾക്കെതിരായി യാതൊരുവിധ നടപടിയും സ്വീകരിക്കുന്നതല്ലെന്ന് കോടതിയിൽ സത്യവാങ്മൂലം കൊടുത്തവരാണ് ഇന്ന് എൽ.ഡി.എഫ്. ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നത്. ലോട്ടറി മേഖലയിൽ ഉപജീവനം നടത്തുന്ന രണ്ടുലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക് ആശ്വാസം നൽകുന്ന ഒരു പുതിയ ക്ഷേമനിധിക്ക് രൂപം നൽകാനാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. എം പ്രകാശൻ മാസ്റ്റർ</u>: 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും, വിൽപ്പനക്കാരുടെയും ക്ഷേമനിധി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സംസ്ഥാനത്തെ രണ്ടു ലക്ഷത്തോളംവരുന്ന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ജീവിതം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് ആശ്വാസം നൽകുന്നതിനും വേണ്ടി ഒരു പുതിയ ക്ഷേമനിധി രൂപീകരിക്കു ന്നതിനാണ് ഈ ബില്ലിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. 1967-ലാണ് കേരള ത്തിൽ ലോട്ടറി ആരംഭിച്ചത്. ലോട്ടറി രംഗത്ത് വലിയ മുന്നേറ്റമുണ്ടായിട്ടുണ്ടെ ങ്കിലും അതിന്റെ നേട്ടങ്ങൾ വിൽപ്പനക്കാരുടെയും ഏജന്റുമാരുടെയും വരുമാ നത്തിൽ ഉണ്ടായിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന 60 വയസ്സ് കഴിഞ്ഞവർക്ക് മാത്രമായി പെൻഷൻ സ്കീം പ്രഖ്യാപിക്കുന്നതിനാവശ്യമായ വ്യവസ്ഥകൂടി ബില്ലിൽ ഉൾപ്പെടുത്തണം. ലോട്ടറിയുടെ വിറ്റുവരവ് ആയിരം കോടി രൂപയായി വർദ്ധിപ്പിക്കാനുള്ള ടാർജറ്റുണ്ടാകണം. അന്യസംസ്ഥാന ലോട്ടറിയുൾപ്പെടെ ഒരു ദിവസം ഒരു കോടി രൂപയുടെ ലോട്ടറി വിൽക്കാൻ സാദ്ധ്യതയുള്ള സംസ്ഥാനമാണ് കേരളം. ആ സാദ്ധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് അന്യസംസ്ഥാന ലോട്ടറിക്കാർ നടത്തുന്ന ധനചോർച്ച തടയാൻ ഗവൺമെന്റും ലോട്ടറി ഡിപ്പാർട്ടുമെന്റും ആവശ്യമായ നടപടികൾ സ്വീകരി ക്കണം. ഓൺലൈൻ ലോട്ടറികളെയും അന്യസംസ്ഥാന ലോട്ടറികളെയും സംരക്ഷിക്കുന്ന നിലപാടുകളാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരി ക്കുന്നത്. ഓൺലൈൻ ലോട്ടറികളെ നിയന്ത്രിക്കാൻ സംസ്ഥാന ഗവൺമെന്റു കൾക്ക് അധികാരമില്ലെന്നാണ് കേന്ദ്ര ഗവൺമെന്റ് പറയുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് ഓൺലൈൻ ലോട്ടറിക്കനുകൂലമായ അഫിഡവിറ്റാണ് സുപ്രീംകോടതിയിൽ സമർപ്പിച്ചിരിക്കുന്നത്. സംസ്ഥാന ലോട്ടറിയുടെ നറുക്കെടുപ്പ് നടത്തേണ്ടത് ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ റാങ്കിൽ കുറയാത്ത ആളിന്റെ സാന്നിദ്ധ്യത്തിലായിരിക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യണം.

ഭാഗ്യക്കുറി ഏജന്റുമാരുടേയും വിൽപ്പനക്കാരുടേയും ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. അംഗങ്ങൾ മരണപ്പെട്ടാൽ കുടുംബത്തിന് ക്ഷേമനിധിയിൽനിന്നും ധനസഹായം നൽകണം. ശാരീരികമായ അവശതകൾമൂലം ജോലി ചെയ്യാൻ കഴിയാത്ത ആളുകളെ സഹായിക്കാനുള്ള ഒരു പദ്ധതികൂടി ബില്ലിൽ ഉൾപ്പെടുത്തണം. ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവരുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിന് വ്യവസ്ഥ ഉണ്ടാകണം. ലോട്ടറി കുറച്ചുകൂടി ആകർഷകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കേരള സംസ്ഥാന ലോട്ടറി കുറെയധികംപേർക്ക് സമ്മാനം കിട്ടത്തക്ക രൂപത്തിൽ പുന:സംവിധാനം ചെയ്യണം. കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കാമെന്നുള്ളത് ഒഴിവാക്കി സംസ്ഥാന ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിൽനിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തത്തക്ക രീതിയിൽ ആവശ്യമായ മാറ്റം വരുത്തണം. ക്ഷേമനിധി അംഗങ്ങളുടെ അംശദായം 50 രൂപ എന്നുള്ളത് കുറയ്ക്കുന്നതിനാവശ്യമായ നടപടി ഉണ്ടാകണം. എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് പകരം എല്ലാ അധികാരങ്ങളുമുള്ള ക്ഷേമനിധി ബോർഡ് രൂപീകരിക്കണം. കെ.എസ്.എഫ്.ഇ., ജില്ലാ സഹകരണ ബാങ്ക് എന്നിവയുമായി ക്ളബ് ചെയ്തുകൊണ്ട് താലൂക്ക് കേന്ദ്രങ്ങളിൽ അംശദായം പിരിക്കുന്നതിനും ടിക്കറ്റ് വിതരണം നടത്തുന്നതിനുമുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കണം. സംസ്ഥാന ലോട്ടറികൾക്ക് കൂടുതൽ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കണം. വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിന് നറുക്കെടുപ്പ് ദൃശ്യമാധ്യമങ്ങളിലൂടെ പ്രദർശിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. ലോട്ടറി ഡിപ്പാർട്ടുമെന്റിനെ കുറേക്കൂടി പ്രൊഫഷണൽ

ആക്കണം. ലോട്ടറി രംഗത്തെ കുത്തക സംവിധാനം അവസാനിപ്പിക്കണം. ചെറുകിട ഏജന്റുമാരുടെ കമ്മീഷൻ വർദ്ധിപ്പിക്കണം.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : ലോട്ടറി വില്പന നടത്തി ഉപജീവനം നടത്തുന്ന പാവപ്പെട്ടവർക്കുവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം കക്ഷിഭേദമെന്യേ എല്ലാവരും സ്വാഗതം ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന ലോട്ടറി വകുപ്പിൽ കഴിഞ്ഞ രണ്ടുവർഷമായി സ്വീകരിച്ച നടപടികളുടെ ഫലമായി വില്പനയിലും ലാഭത്തിലും ടാക്സ് ഇനത്തിലും വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കേരള ലോട്ടറിയിൽ ക്രമീകരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ ഒരു പ്രത്യേക കേന്ദ്രം ആരംഭിച്ച് മൂന്നു കോടി രൂപയുടെ മെഷീനറി വാങ്ങുന്നതിനുള്ള അനുവാദം നൽകി. സംസ്ഥാനത്തെ പ്രത്യേക ആവശ്യത്തിനുവേണ്ടി നടത്തുന്ന ബമ്പർ ഭാഗ്യക്കുറിയെ സമാന്തര ലോട്ടറി എന്നുപറയുന്നത് ശരിയല്ല. സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ലോട്ടറിയുടെമേൽ നികുതി പിരിക്കുന്നതിനോ കുടിശ്ശിക പിരിക്കുന്നതിനോ അവകാശമില്ല. ലോട്ടറി സംബന്ധിച്ച് കോടതിയിൽ നിലവിലുള്ള കേസ്സുകൾ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് എല്ലാവിധ പരിശ്രമങ്ങളും നടത്തുന്നതാണ്. സംസ്ഥാനത്തെ നിയമങ്ങൾ പരിപൂർണ്ണമായി ലംഘിച്ചുകൊണ്ടാണ് അന്യസംസ്ഥാന ലോട്ടറികൾ വില്പന നടത്തുന്നത്. നിയമലംഘനം നടത്തി സംസ്ഥാനത്ത് വില്പന നടത്തുന്ന അന്യസംസ്ഥാന ലോട്ടറികൾക്കെതിരെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ യോജിച്ച നിലപാട് സ്വീകരിക്കണം. സംസ്ഥാനത്ത് വില്പന നടത്തുന്ന നിയമവിരുദ്ധ ലോട്ടറികൾക്കെതിരായി വിപുലമായ ജനകീയ മുന്നേറ്റം സംഘടിപ്പിക്കുന്നതിന്

തീരുമാനിച്ചിരിക്കുകയാണ്. ലോട്ടറി വില്പന യൂണിയനുകളുമായി വിവിധ തലത്തിൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഔദ്യോഗികമായി ചില മാറ്റങ്ങൾ കൊണ്ടുവരുന്നതാണ്. സംസ്ഥാനത്തോട് കമ്മിറ്റ്മെന്റുള്ള വില്പനക്കാരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കേണ്ടതുണ്ട്. കെ.എസ്.എഫ്.ഇ. പോലുള്ള സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് താലൂക്കടിസ്ഥാനത്തിൽ ടിക്കറ്റ് ലഭ്യമാക്കണമെന്നുള്ള നിർദ്ദേശം പരിശോധിക്കുന്നതാണ്. നിയമവിരുദ്ധ ലോട്ടറികളെ നേരിടുന്നതിന്റെ ഭാഗമായിട്ടാണ് മുഴുവൻ വില്പനക്കാരേയും ഉൾപ്പെടുത്തിക്കൊണ്ട് വെൽഫയർ ഫണ്ടിന് രൂപം നൽകിയിട്ടുള്ളത്. ഇവിടെ ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിച്ച് ആവശ്യമായ തീരുമാനം എടുക്കാവുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഏകകണ്ഠമായി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയവും ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും, വില്പനക്കാരുടേയും ക്ഷേമനിധി ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ ഉച്ചയ്ക്കുശേഷം 3.28-ന് പിരിഞ്ഞു.

.............